(ബി) അവയിൽ എതെല്ലാം പാലങ്ങളുടെ പണി തുടങ്ങിയിട്ടുണ്ട്;

(സി) ചെറായി— പറവൂർ പാലത്തിന്റെ പണി തുടങ്ങുന്നതിനു് ഇനിയും എത്ര കാലം വേണ്ടിവരും;

(ഡി) ചെറായി— പറവൂർ പാലത്തിന്റെ പണി തീരുന്നതുവരെ യാത്രാസൗകര്യത്തിനായി പറവൂർനിന്നു പാലത്തിലേയ്ക്കു് എത്തുന്ന റോഡും, വൈപ്പിൽ പള്ളിപ്പുറം റോഡിൽ നിന്നു് പാലത്തിലേയ്ക്കു് എത്തുന്ന റോഡും പണി തീർത്തു് ഒരു (Janghon Service) ഇടുന്നതിനു നടപടിയുണ്ടാകുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ)-(ബി) † ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) രണ്ടോ മൂന്നോ മാസം വേണ്ടിവരും.

(ഡി) പാലത്തിന്റെ അപ്രോച്ചുറോഡു തീരുംവരെ ഇടവിട്ടു് ഒരു ചങ്ങാടം ഇടുന്നതാണു്.

ജപ്പാൻ കൃഷി നിർദ്ദേശങ്ങൾ.

✻ 359. [59] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷി സംബന്ധിച്ചിടത്തോളം ജപ്പാൻമെത്തേഡു് അനുസരിച്ചു് കൃഷിചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങൾ ഇവിടത്തെ കൃഷി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു് നൽകുവാൻ വേണ്ടി ഇൻഡ്യാഗവണ്മെൻറിൽ നിന്നും മറ്റെവിടെയെങ്കിലും അയച്ചുതന്നിട്ടുണ്ടോ;

(ബി) ജപ്പാൻമെത്തേഡു് അനുസരിച്ചു് കൃഷിനടത്തുന്നതിനു തിരുവിതാംകൂർ-കൊച്ചിയിൽ എവിടെയെങ്കിലും കേന്ദ്രം തിരഞ്ഞെടുത്തു് പ്രവർത്തനം നടത്തുന്നുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ജപ്പാൻമെത്തേഡു് അനുസരിച്ചുള്ള നെൽക്കൃഷി തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ നാലു ഡിസ്ട്രിക്ടുകളിലും വ്യാപിപ്പിക്കുന്നതിനുവേണ്ടിയും പുല്ലും ഡിസ്ട്രിക്ടുകളിലും പരീക്ഷണകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടു്. ഈ പരീക്ഷണകേന്ദ്രങ്ങൾ കൃഷിഡിപ്പാർട്ടുമെൻറുവകതോട്ടത്തിലും, സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിലുമാണു് ആരംഭിച്ചിരിക്കുന്നതു്.

സ്റ്റാൻസ്റ്റോർട്ട് സമരഅന്വേഷണ കമ്മീഷന്റെ റിപ്പോർട്ടു്.

✻ 360. [60] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റാൻസ്റ്റോർട്ട് സമരത്തെ തുടർന്നു നിയമിച്ച അന്വേഷണകമ്മീഷന്റെ റിപ്പോർട്ടു് എത്ര ദിവസത്തിനകം സമർപ്പിക്കണമെന്നാണു് ഗവണ്മെൻറു് ആവശ്യപ്പെട്ടിരുന്നതു്;

† Please See Appendix III.

LIBRARY ARCHIVES Kerala Legislative Assembly